പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3224

21/12/2012 - ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) (i) തൊഴിലുറപ്പ് പദ്ധതിയിൽ ഈടുറ്റ ആസ്തികൾ നിർമ്മിക്കുക എന്നത് ലക്ഷ്യമിട്ട്, സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം വിനിയോഗം എന്നിവ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>(ii) ഗ്രാമ/ബ്ലോക്ക് ആസ്ഥാനങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.<br>(iii) മുൻ വർഷം കൂടുതൽ ദിവസം പണിയെടുത്ത തൊഴിലാളികളുടെ കുടുംബങ്ങളിൽ നിന്നും മേറ്റുമാരെ കണ്ടെത്തുന്നതിന് അനുവാദം നൽകി.<br>(iv) വേതന വിതരണം സമയബന്ധിതമാക്കുന്നതിലേക്കായി മുൻ വർഷം 60 ലക്ഷത്തിലധികം തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ ഒരു അസി:എഞ്ചിനീയർ / ഓവർസീയർ, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെ അധികം നിയമിക്കുന്നതിന് അനുവാദം നൽകി. കൂടാതെ, ഇ-എഫ്.എം.എസ് പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>(v) പൈലറ്റ് സോഷ്യൽ ഓഡിറ്റ് എല്ലാ ജില്ലകളിലും പൂർത്തീകരിച്ചു.<br>(vi) തൊഴിൽ സമയം രാവിലെ 9 മുതൽ വൈകീട്ട് 5 മണിവരെയാക്കി<br>(vii) വേതനം 164/- രൂപയാക്കി<br>(viii) പരിസ്ഥിതി പുനഃസ്ഥാപനത്തിനും, ജൈവ വൈവിദ്ധ്യം നിലനിർത്തുന്നതിനും ദോഷം ചെയ്യുന്ന റോഡരികിലെ പുൽവെട്ട് പ്രവൃത്തികൾ ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകി. |

(ബി) ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികളിൽ പുതിയ ഇനങ്ങൾ കൂടി ചേർക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടുകയുണ്ടായോ ; എങ്കിൽ ഇതിന്മേൽ അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്ര / തൊഴിൽ / സാമ്പത്തിക സാധ്യതകൾക്ക് ഗുണമായ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനമായി ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. സംസ്ഥാനങ്ങളുടെ കൂടി താല്പര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ ഇനം പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി താഴെപറയുന്ന പ്രകാരം ഷെഡ്യൂൾ 1 പരിഷ്കരിക്കുകയുണ്ടായി.

1. വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിന് കുറുകേ കയ്യാല നിർമ്മാണം (കോണ്ടൂർ ബണ്ടിംഗ്), ചരിവുള്ള പ്രദേശങ്ങളിൽ കിടങ്ങ് നിർമ്മാണം (കോണ്ടൂർ ട്രഞ്ചസ്), കല്ല് കയ്യാല (Bolder check), കല്ല് കെട്ടിനെ കമ്പി/കയർ വല ഉപയോഗിച്ചുള്ള ശക്തിപ്പെടുത്തൽ രീതി. (ഗാബിയോൺ സ്ട്രക്ച്ചർ), ഭൂഗർഭ നീരൊഴുക്ക് സംരക്ഷിക്കുന്ന അടിയണകളുടെ നിർമ്മാണം, (അണ്ടർ ഗ്രൗണ്ട് ഡൈക്ക്) മൺതടയണകൾ (എർത്തേൺ ഡാംസ്), തടയണകൾ (സ്റ്റോപ്പ് ഡാംസ്) നീരുറവകളുടെ സംരക്ഷണം, (സ്പ്രിംഗ് ഷെഡ് ഡവലപ്പ്മെന്റ്) എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്ന ജലസംരക്ഷണവും മഴ കൊയ്ത്തും
2. വനസംരക്ഷണവും മരം വച്ച് പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും
3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ
4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ ഐ.എ.വൈ ഗുണഭോക്താക്കൾ, 2008 ലെ കാർഷിക കടാശ്വാസപദ്ധതിയിൽ നിർവ്വചിക്കും പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, പരമ്പരാഗത വനവാസികൾ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, പഴകൃഷി, തോട്ടവിള, കുളം കുഴിക്കൽ, കൃഷിഭൂമിക്ക് ബണ്ട് ഒരുക്കൽ, ഭൂവികസനം എന്നീ പ്രവൃത്തികൾ

5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർ നിർമ്മാണം
6. ഭൂവികസനം
7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്ക് ചാൽ നിർമ്മാണം, തീരപ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ചാലുകളുടെ നിർമ്മാണം തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും
8. ഗ്രാമത്തിനുള്ളിലുള്ള ഏത് കാലാവസ്ഥയിലും ഉപയോഗയോഗ്യമായ റോഡുകളുടെ നിർമ്മാണം
9. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം
10. NADEP കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ-ജൈവ വളങ്ങൾ ഉത്പാദിപ്പിക്കൽ തുടങ്ങിയ കാർഷിക സംബന്ധമായ പ്രവൃത്തികൾ
11. കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കന്നുകാലികൾക്കുള്ള തൊഴുത്തിന് ഉറപ്പുള്ള തറ/ഗോമൂത്ര സംഭരണി/ പുൽതൊട്ടി എന്നിവയുടെ നിർമ്മാണം, കന്നുകാലികളുടെ പൂരക തീറ്റ ഇനമായ അസോളയുടെ കൃഷി
12. പൊതുസ്ഥലങ്ങളിൽ വർഷക്കാലത്ത് രൂപപ്പെടുന്ന വെള്ളക്കെട്ടുകളിൽ മത്സ്യ കൃഷി
13. മത്സ്യം ഉണക്കി സൂക്ഷിക്കുന്ന യാർഡുകളുടെ നിർമ്മാണം, തീരദേശ പ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന മരങ്ങൾ കടലോരങ്ങളിൽ നട്ട് വളർത്തൽ
14. സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ് തുടങ്ങിയ ഗ്രാമീണ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ
15. വ്യക്തിഗത കക്കൂസ്, സർക്കാർ, സ്കൂൾ /അംഗണവാടികളിൽ ശൗചാലയങ്ങളുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലനം തുടങ്ങിയ ശുചിത്വ പ്രവർത്തനങ്ങൾ

| | |
|---|---|
| (സി) തൊഴിലാളികളുടെ സമയക്രമം മാറ്റത്തിന് ഉദ്ദേശിക്കുന്നുണ്ടോ ; | (സി) 16.08.2012 ലെ സ.ഉ(സാധ) നം.223/12/തസ്വഭവ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളുടെ അളവിൽ കുറവ് വരുത്താതെ ജോലി സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണിവരെ എന്നതിനുപകരം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ (വിശ്രമം ഉൾപ്പെടെ) എന്ന് പുനർ നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ